# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 333 — 07.08.2017 — ൽ മറുപടിക്ക്

## റേഷൻ കാർഡ് വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ കാർഡ് വിതരണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദവിവരം നൽകുമോ; | (എ) സംസ്ഥാനത്ത് നിലവിൽ 80,18,030 കാർഡുകളിൽ 67,37,978 കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) ഏതെല്ലാം ഇനങ്ങളിലായാണ് റേഷൻകാർഡുകൾ നൽകിയിട്ടുള്ളത്; ഓരോ കാർഡുടമയ്ക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിയ്ക്കുക; | (ബി) എ.എ.വൈ., മുൻഗണനാ വിഭാഗം, മുൻഗണനേതര (സബ്സിഡി) വിഭാഗം, മുൻഗണനേതര വിഭാഗം (നോൺ സബ്സിഡി) എന്ന തരത്തിലാണ് കാർഡുകൾ വിതരണം ചെയ്തിട്ടുള്ളത്. മുൻഗണനേതര (സബ്സിഡി) വിഭാഗത്തിന് കാർഡിലെ ഒരു അംഗത്തിന് കിലോഗ്രാമിന് 2/- രൂപ നിരക്കിൽ 2 കിലോ ഭക്ഷ്യധാന്യം, 1 കി.ഗ്രാം ആട്ട, വൈദ്യുതീകരിച്ച് കാർഡാണെങ്കിൽ അര ലിറ്റർ മണ്ണെണ്ണ, എൻ.ഇ. കാർഡിന് 4 ലിറ്റർ മണ്ണെണ്ണ, മുൻഗണനേതര (സബ്സിഡി ഇല്ലാത്ത) വിഭാഗത്തിന് കാർഡൊന്നിന് 3 കി.ഗ്രാം ഭക്ഷ്യധാന്യവും 2 കി.ഗ്രാം ആട്ട, മണ്ണെ ണ്ണ, ഇ-കാർഡിന് അരി ലിറ്റർ, എൻ.ഇ. കാർഡിന് 4 ലിറ്റർ മണ്ണെണ്ണ, എ.എ.വൈ. കാർഡിന് 28 കി.ഗ്രാം അരി, 7 കി.ഗ്രാം ഗോതമ്പ്, മണ്ണെണ്ണ മേൽ പ്രസ്താവിച്ച നിരക്കിൽ മുൻഗണനാ വിഭാഗത്തിലെ കാർഡിലെ ഒരംഗത്തിന് 5 കി.ഗ്രാം ഭക്ഷ്യധാന്യം, മണ്ണെണ്ണ മേൽ പ്രസ്താവിച്ച അളവിൽ പ്രതിമാസം ലഭിക്കും. |

| | | | |
|---|---|---|---|
| (സി) | ആകെ എത്ര കാർഡുടമകളാണ് നിലവിൽ കേരളത്തിലുള്ളത്; വിവിധ ഇനങ്ങളിലായിട്ടുള്ള കാർഡുകളുടെ വിശദവിവരം നൽകുമോ? | (സി) | നിലവിൽ 80,18.030 കാർഡുടമകളാണ് സംസ്ഥാനത്തുള്ളത്. താഴെ കാണുംവിധം 4 തരം റേഷൻ കാർഡുകളാണ് നിലവിലുള്ളത്. |

| | | |
|---|---|---|
| എ.എ.വൈ. കാർഡ്, | - | 5,95,800 |
| മുൻഗണനാ കാർഡ്, | - | 29,06,709 |
| മുൻഗണനേതര (സബ്സിഡി) | - | 29,35,436 |
| മുൻഗണനേതരം | - | 15,80,085 |
| ആകെ | - | **80,18,030** |

*സെക്ഷൻ ഓഫീസർ*